മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 7

## വാർത്താക്കുറിപ്പ്

---

## ഓൺലൈൻ പരീക്ഷക്ക് എം.ജി.യിലും സൗകര്യം; ഉദ്ഘാടനം നാളെ (മെയ് -9)

ഉപരിപഠനത്തിനുള്ള പ്രവേശനം മുതൽ വിവിധ മേഖലകളിലെ തൊഴിൽ ലഭ്യത വരെയുള്ള കാര്യങ്ങളിൽ ഓൺലൈൻ പരീക്ഷകൾ ഏറെ വ്യാപകമായി വരികയാണെങ്കിലും ഇത്തരം പരീക്ഷകൾ നടത്തുന്നതിന് ആവശ്യമായ ആധുനിക സൗകര്യങ്ങളുള്ള പരീക്ഷാ കേന്ദ്രങ്ങളുടെ പരിമിതി വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും തൊഴിൽ ദാതാക്കളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയുമെല്ലാം ഒരു പോലെ അലട്ടുന്ന പ്രശ്നമാണ്. ഈ പോരായ്മ കണ്ടറിഞ്ഞാണ് മഹാത്മാഗാന്ധി സർവ്വകലാശാല ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു ഓൺലൈൻ പരീക്ഷാകേന്ദ്രം ഒരുക്കിയിട്ടുള്ളത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഐ.ടി.ഐ ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ 1.1 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിട്ടുള്ള കേന്ദ്രത്തിന്റെ ഉദ്ഘാടനം നാളെ (മെയ് 9) രാവിലെ 9.30 ന് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവ്വഹിക്കും. ഒരേ സമയം 100 വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള സൗകര്യമാണ് ഇപ്പോൾ ഒരുക്കിയിട്ടുള്ളതെങ്കിലും 200 പേർക്ക് കൂടി പരീക്ഷ എഴുതാവുന്ന വിധത്തിൽ സെന്ററിന്റെ അടുത്ത ഘട്ടത്തിന്റെ വികസനം ഉടൻ ആരംഭിക്കാനും തീരുമാനമായിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ മുഴുവൻ വൈദ്യുതിയും സൗരോർജ്ജ പാനൽ ഉപയോഗിച്ച് ഉദ്പാദിപ്പിക്കുന്നു എന്ന പ്രത്യേകതയും ഇതിനുണ്ട്.

റെഗുലർ, പാർട്ട് ടൈം, ഓൺലൈൻ-ഹൈബ്രിഡ് മോഡുകളിൽ വിവിധ ഹ്രസ്വകാല തൊഴിൽ നൈപുണ്യ വികസന പ്രോഗ്രാമുകൾ നടത്തി മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാലയിൽ രൂപം നൽകിയ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിന് (ഡി.എ.എസ്.പി.) കീഴിലാണ് ഓൺലൈൻ പരീക്ഷാകേന്ദ്രം ആരംഭിച്ചിട്ടുള്ളത്.

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ഏറ്റവും മെച്ചപ്പെട്ട സേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി സജ്ജമാക്കിയിട്ടുള്ള ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്യുവേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ മുഖേനയാണ് ഇവിടെ പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള നടപടികൾ പൂർത്തിയാക്കുക. ഫീസടക്കുന്നതിനും, ഹാജർ എടുക്കുന്നതിനും, പരീക്ഷാ നടത്തിപ്പിനും, പഠന പരിപാടികൾക്കുമെല്ലാം ഈ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പൂർണ സജ്ജമായ വെബ്സൈറ്റും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സഹായകമായ മൊബൈൽ ആപ്പുകളും ഈ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നു. വെബ് ക്യാമറ ഉള്ള കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് വീട്ടിലിരുന്ന് പരീക്ഷയെഴുതാവുന്ന റിമോട്ട് പ്രോക്റേർഡ് എക്സാമിനേഷൻ സൗകര്യവും അത് സാധ്യമാകാത്ത

വിദ്യാർത്ഥികൾക്ക് സെൻട്രലൈസ്ഡ് ഓൺലൈൻ എക്സാമിനേഷൻ സെന്റർ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പരീക്ഷാസമയത്ത് വിദ്യാർത്ഥി വെബ്ക്യാമറാ നിരീക്ഷണത്തിലായിരിക്കും. കൂടാതെ കമ്പ്യൂട്ടറിൽ മറ്റ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനെ തടയുന്ന ഓട്ടോ സ്വിച്ച് ഓഫ് സംവിധാനവും, യഥാർഥ പരീക്ഷാർഥിയെ തിരിച്ചറിയാൻ സഹായിക്കുന്ന ഫോട്ടോ വെരിഫിക്കേഷൻ തുടങ്ങിയ സുരക്ഷാ മുൻകരുതലുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

പരീക്ഷകളും മൂല്യനിർണ്ണയവും വേഗത്തിലും കാര്യക്ഷമമായും നടത്താൻ കഴിയുന്നതിനാൽ ഓൺലൈൻ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള സർവ്വകലാശാലയുടെ ഉദ്യമത്തിന് ഊർജം പകരുന്നതുമാണ് പുതിയ സംവിധാനം.

ഡി.എ.എസ്.പി. ക്കു വേണ്ടി ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാലുവേഷൻ മാനേജ്മെന്റ് സിസ്റ്റം (എ.എൽ.ഇ.എം.എസ്.) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് സർവ്വകലാശാലയിലെ ഐ.ടി. വിഭാഗത്തിന്റെ സഹകരണത്തോടെ കെഫിടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കേരളാ സ്റ്റാർട്ടപ്പ് മിഷനു കീഴിലുള്ള കമ്പനിയാണ്.

(പി.ആർ.ഒ./39/546/2022)

## പരീക്ഷ മാറ്റി

പഞ്ചവത്സര ബി.കോം - എൽ എൽ ബി (2018 അഡ്മിഷൻ) അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി മെയ് 10 ന് നടത്താൻ നിശ്ചയിച്ചിരുന്ന കോർപ്പറേറ്റ് അക്കൗണ്ടിംഗ് എന്ന വിഷയത്തിന്റെ പുന: പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/547/2022)

## പരീക്ഷ മെയ് 17 മുതൽ

മെയ് 10 ന് ആരംഭിക്കാനിരുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി.എസ്.സി നെഴ്സിംഗ് (2012-2015 അഡ്മിഷൻ - സപ്ലിമെന്ററി, 2010-2011 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ്, 2007-2009 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ്) ബിരുദ പരീക്ഷകളുടെ ടൈംടേബിൾ മെയ് 17 ന് ആരംഭിക്കുന്ന വിധം പുന:ക്രമീകരിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/548/2022)

## പരീക്ഷാ ഫീസ്

നാലാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2019 അഡ്മിഷൻ - റെഗുലർ / 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ മെയ് 25 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 11 വരെയും 525 രൂപ പിഴയോടു കൂടി മെയ് 12 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 13 നും അപേക്ഷിക്കാം. ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/549/2022)

രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2020 അഡ്മിഷൻ - റെഗുലർ / 2017-2019 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 23 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 24 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 25 നും അപേക്ഷിക്കാം. മെഴ്സി ചാൻസ് വിദ്യാർത്ഥികൾ 5250 രൂപ സ്പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടക്കണം. ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/550/2022)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (2016, 2015 അഡ്മിഷൻ - സപ്ലിമെന്ററി, 2010 മുതൽ 2014 വരെയുള്ള അഡ്മിഷനുകൾ - മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ മെയ് 18 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 11 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 12 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 13 നും അപേക്ഷിക്കാം. ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങളും ടൈംടേബിളും സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/551/2022)

## പരീക്ഷ മെയ് 31 ന്

മൂന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (2016, 2017, 2018, 2019 അഡ്മിഷൻ - റെഗുലർ / 2013 മുതൽ 2015 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷ മെയ് 31 ന് നടക്കും. പിഴയില്ലാതെ മെയ് 16 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 17 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 18 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/552/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേണലിസം ( സ്.എസ്.എസ്. - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മെയ് 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/553/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ